മിസ്റ്റർ കെ. എസ്സ്". പണിക്കർ : കമ്മിറ്റിയിൽ പുലയരില്ല. മറവള്ളവരുടെ അടിമകളല്ല ഈ ഏഴകൾ.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : അതാതു സ്ഥലങ്ങളിൽ ഓരോ കമ്മിറ്റിയുണ്ട്"; അവരുടെ ശുപാർശിയനുസരിച്ചാണ അങ്ങിനെ ചെയ്യാറുള്ളതു". അല്ലാതെ ഗവമ്മെണ്ടു നേരിട്ടു ചെയ്യുന്നതല്ല. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന മാതിരി അവക്കു സ്ഥലമില്ലെങ്കിൽ അതിനു വേണ്ട സൌകര്യം ഗവമ്മെണ്ടു ചെയ്തുകൊടുക്കുന്നതായിരിക്കും.

മിസ്റ്റർ കെ. കെ. കണ്ണൻ : ചില കോളനികളിൽ ശ്മശാനങ്ങൾ കൊടുത്തിട്ടുണ്ട്". അതു ബഹുമാനപ്പെട്ട മിനിസ്റ്റർ അവർകൾ അറിഞ്ഞിട്ടില്ലായിരിക്കാം.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ : അങ്ങിനെ സ്ഥലം കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. കെ. കണ്ണൻ : ഉണ്ടു". അതാണു ഞാൻ പറഞ്ഞതു".

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : കോളനികളിൽ ഗവമ്മെണ്ടിൽനിന്നു ശ്മശാനങ്ങൾ ഉണ്ടാക്കി കൊടുത്തിട്ടുണ്ടു"; അതു ഫുഡ്പ്രൊഡക്ഷനു വേണ്ടി വേറെ ആളുകൾക്കു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ ഞാൻ അതിനെകുറിച്ചു അന്വേഷിക്കാം. അങ്ങിനെയുണ്ടെന്നു കണ്ടാൽ അതു നിവൃത്തികയും ചെയ്യാം. അതിനെകുറിച്ചു ഞാൻ കൂടുതൽ പറയുന്നില്ല. ഈ കട്ട്മോഷൻ ബഹുമാനപ്പെട്ട മെമ്പർ പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ : അധീകൃതകോളനികളിൽ താമസിക്കുന്നവക്കു ചില ദിക്കിൽ ശ്മശാന സ്ഥലം ഗവർമ്മെണ്ടു കൊടുത്തിട്ടുണ്ടു". ചില കോളനികളിൽ ഗവർമ്മെണ്ടു കൊടുക്കാതെ തന്നെ അവർ വളരെക്കാലമായി ഉപയോഗിച്ചുവരുന്നതായ ശ്മശാനങ്ങളുമുണ്ടു". അതിൽ ചിലതു ഭക്ഷ്യോല്പാദനത്തിനു വേറെ ആളുകൾക്കു പാട്ടത്തിനു കൊടുത്തിട്ടുണ്ടു". ഇല്ലെന്നു പറയുവാൻ തരമില്ല. പക്ഷെ അതു ഫുഡ്അഡ്വൈസറി കമ്മറ്റിക്കാർ സഹകാര്യമായി ആലോചിച്ചു ചെയ്യുതാകാനും മതി. ആ സംഗതി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെടുത്തുകയാണു ഈ പ്രമേയംകൊണ്ടു വന്നതിന്റെ ഉദ്ദേശം. അതിനെ സംബന്ധിച്ചുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി തൃപ്തികരമായതുകൊണ്ടു ഞാൻ ഈ കട്ടമോഷൻ സഭയുടെ അനുവാദത്തോടു കൂടി പിൻവലിക്കുന്നു.

Motion, by leave; withdrawn

22. POLICE

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: Sir, I move Rs. 16,73,446 under 22 Police.

Cut Motion

The unsatisfactory state of bus Traffic

Mr. M. K. Raja *(Mulakunnathukavu)*: To reduce the allotment of Rs. 16,73,466 under Police in Demand No. 22 by Re 1.

(To discuss the unsatisfactory state of bus transport in Cochin and to make certain suggestions to the Traffic Department regarding the policy underlying the control of bus traffic)

സർ, കൊച്ചിരാജ്യത്തിലെ മിക്ക ബസ്" ലൈനുകളിലും ഇന്നത്തെ വമ്പിച്ച എണ്ണത്തിലുള്ള യാത്രക്കാരെ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും പയ്യാപ്പമായ രീതിയിൽ ബസ്സുകളുടെ എണ്ണം ഇല്ലെന്നുള്ള പരാതി ഈ നിയമസഭയിൽ മുന്നിലധികം തവണ ഉണ്ടായിട്ടുള്ളതാണു". ഗവർമ്മെണ്ടു" കൂടുതൽ യാത്രാസൌകര്യങ്ങൾക്കുള്ള ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടു". അടുത്ത ഏതാനും മാസങ്ങളായി ഈ കാര്യത്തിൽ ഗവർമ്മെണ്ടിന്റെ സവിശേഷ ശ്രദ്ധ പതിഞ്ഞിട്ടുണ്ടെന്നും ഞാൻ സമ്മതിക്കുന്നു. എങ്കിൽ കൂടിയും ഇന്നും മിക്ക ലൈനുകളിലും യാത്രക്കാരുടെ എണ്ണത്തെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ സൌകര്യമായി യാത്രക്കുവേണ്ടത്ര ബസ്സുകളില്ലെന്നു പറയാതെ തരമില്ല. എന്തായാലും ഈകാര്യത്തിൽ ഗവമ്മെണ്ടു കാര്യമായ ശ്രദ്ധ ചെലുത്തുന്നുണ്ടെന്നു കാണുന്നതുകൊണ്ടു ഞാൻ ഇതിനെകുറിച്ചു അധികം പറയുന്നില്ല.

ഈ സഭയുടെ ശ്രദ്ധയിൽ എനിക്കു കൊണ്ടുവരാനുള്ളതു രണ്ടുമൂന്നു സംഗതികളാണു". ആദ്യം തന്നെ പറയാനുള്ളതു പുതിയ ബസ്സുകൾക്കു പെർമിറ്റു" കൊടുക്കുന്ന സമ്പ്രദായത്തെപ്പറ്റിയാണു". ഈ കാര്യത്തിൽ ഇതുവരെ ഗവമ്മെണ്ടു അനുവർത്തിച്ചുവന്നിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. K. Raja]

ളും അനുവദിക്കാനുദ്ദേശിക്കുന്നതുമായ നയത്തിന്റെ അടിസ്ഥാനതത്വങ്ങൾ രണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നു് ഒരു പുതിയ ബസ്സിനു പെർമിറ്റു് കൊടുക്കുന്ന അവസരത്തിൽ പെട്രോൾ ബസ്സിനേക്കാൾ കരിബസ്സിനാണു് മുൻഗണനകൊടുക്കുന്നതെന്നു്. രണ്ടാമതായി, പുതിയ ലൈൻ അനുവദിക്കുമ്പോൾ അതിനു പുതിയ ബസ്സുടമസ്ഥന്മാർ ആവശ്യപ്പെട്ടാൽപോലും അതേ ലൈനിലെ പഴയ ബസ്സുടമസ്ഥന്മാർതന്നെ ലൈൻ എടുക്കാൻ തയ്യാറുണ്ടെങ്കിൽ പുതിയ ബസ്സുടമസ്ഥനാക്കു് അതു കൊടുക്കരുതെന്നു്. ഈ രണ്ടു തത്വങ്ങളാണു് ഗവൺമെണ്ടിനെ ഇക്കാര്യത്തിൽ നയിക്കുന്നതെന്നു തോന്നുന്നു. ഇതിൽ ആദ്യത്തേതു് നല്ലതുതന്നെ. പെട്രോളിനേലുള്ള പിടിച്ചുവലി ഒന്നു കുറയ്ക്കാനുദ്ദേശിച്ചുള്ളതാണു് അതെന്നു് ഞാൻ വിശ്വസിക്കുന്നു. അതിൽ ഞങ്ങൾക്കു് ആക്ഷേപമില്ല. പക്ഷെ രണ്ടാമതു പറഞ്ഞ ഈ തത്വത്തെ ആക്ഷേപിക്കാതെ നിവൃത്തിയുമില്ല. ഇതിനെ സംബന്ധിച്ചു് ഈ ബഡ്ജറ്റു് സമ്മേളനത്തിൽതന്നെ വളരെയധികം വിമർശനങ്ങൾ ഉണ്ടായിട്ടുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അനുസ്മരിക്കുമെന്നു വിശ്വസിക്കുന്നു. ഗ്യാസുവണ്ടികൾക്കു് പെർമിറ്റു കൊടുക്കുന്ന കാര്യത്തിൽതന്നെ സ്ഥിരമായ ഒരു നയം ഗവൺമെണ്ടതന്നെ സ്വീകരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. ഉദാഹരണത്തിനു കുന്ദംകുളത്തു ഗ്യാസ്വണ്ടി വാങ്ങിയ ഒരാൾ പെർമിറ്റു് ആവശ്യപ്പെട്ടപ്പോൾ പെട്രോൾ ഇല്ലാത്തതുകൊണ്ടു പെർമിറ്റു തരാൻ നിവൃത്തിയില്ലായെന്ന മറുപടി കൊടുത്തതായി എനിക്കറിയാം. പെട്രോൾ ഒരു തുള്ളിപോലും ഈ ബസ്സിനു ആവശ്യമില്ല. എങ്കിലും പെട്രോൾ കുറവിന്റെ കാരണം പറഞ്ഞു അയാൾക്കു പെർമിറ്റു് കൊടുത്തില്ല. ഇതു് ബസ്സു് ട്രാഫിക്കിൽ ഒരു കുത്തക സമ്പ്രദായം നടപ്പാക്കാനുള്ള പരോക്ഷമായ ഒരു പരിശ്രമമാണു്. ഈ നിയമസഭതന്നെ ഫ്രീഡം സിസ്റ്റം നടപ്പാക്കുന്നതിനെപ്പറ്റി വാദപ്രതിവാദം നടത്തീട്ടുണ്ടു്. അന്നു് ഈ കുത്തക സമ്പ്രദായം വേണ്ടെന്നായിരുന്ന സഭയിലെ ഭൂരിപക്ഷാഭിപ്രായം. അതനുസരിച്ചു ഗവൺമെണ്ടും ഈ പദ്ധതി ഉപേക്ഷിക്കുകയാണു് ചെയ്തതു്.

എന്നാൽ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള ഈ പുതിയനിയമം, അതായതു പഴയ ആളുകളുടെ ആവശ്യംകഴിച്ചു മാത്രമേ പുതിയ ആളുകൾക്കു പെർമിറ്റു് കൊടുക്കുകയുള്ളു എന്നുള്ള തത്വം സ്വീകരിക്കുന്നതു് നിയമസഭ നിരാകരിച്ച ഈ ഫ്രീഡം സിസ്റ്റത്തെ പിൻവാതിലിൽക്കൂടി അകത്തു കടത്തുവാനുള്ള ഒരു പരിശ്രമമല്ലയെന്നാണു് എന്റെ സംശയം. വളരെ ലയിനുകളിൽ, പ്രധാനപ്പെട്ട രണ്ടോ മൂന്നോ ബസ്സുടമസ്ഥന്മാരാണു് ഇന്നു് ബസ്സു് സർവ്വീസു് നടത്തുന്നതു്. അവരുടെ ആവശ്യം കഴിച്ചേ ഒറ്റ ബസ്സുകാക്കു പെർമിറ്റു് കൊടുക്കുകയുള്ളു എന്നു പറയുന്നതു്, പ്രകാരാന്തരേണ, ഫ്രീഡം സിസ്റ്റത്തെ തുടരാനുള്ള ഒരു ശ്രമം മാത്രമാണു്. എന്റെ അനുഭവത്തിൽനിന്നു പറയുകയാണെങ്കിൽ, മിക്കവാറും യാത്രക്കാരെ സംബന്ധിച്ചിടത്തോളം അനവധി ബസ്സുകളുള്ള ബസ്സുടമസ്ഥന്മാരുടെ ബസ്സിൽ യാത്രചെയ്യുമ്പോഴുള്ളതിനേക്കാൾ കൂടുതൽ സൌകര്യങ്ങളും മര്യാദയും ഒറ്റ ബസ്സുകാരുടെ ബസ്സിൽ യാത്രചെയ്യുമ്പോൾ കിട്ടുന്നുണ്ടു്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ ശ്രദ്ധ ഈ കാര്യത്തിൽ പതിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

സാധാരണ ഈ കാര്യത്തെ സംബന്ധിച്ചു, നിവേദനങ്ങൾ കൊണ്ടുചെല്ലുമ്പോഴെക്കെ ഗവൺമെണ്ടിൽനിന്നു പറയാറുള്ള ഒരു മറുപടി പുതിയ പെർമിറ്റു് കൊടുക്കാൻ വൈമനസ്യം കാണിക്കുന്നതു്, ലയിനുകളിൽ "അനാരോഗ്യകരമായ മത്സരം" കൂടാതെ കഴിക്കണം എന്ന ഉദ്ദേശത്തോടുകൂടിയാണു് എന്നാണല്ലോ. ഇതുയധികം യാത്രക്കാരെ ഞെരുപിടിപ്പിക്കുന്ന മറ്റൊരു വാദവുമില്ല. ഈ നയം ഗവൺമെണ്ടു ഇനിയും അനുവർത്തിച്ചു വരുന്നതു് വളരെ ദൌർഭാഗ്യകരമായിരിക്കുന്നു എന്നു പറയാതെ നിവർത്തിയില്ല. ഓരോ ലയിനിലും ഇത്രയിത്ര യാത്രക്കാർ ഉണ്ടെന്നുള്ളതിന്റെ ശരിയായ കണക്കു ട്രാഫിക്കു് അധികാരികളുടെ കൈവശം ഇല്ലാതിരിക്കേ ഇത്ര ഇത്ര ബസ്സുകൾ മാത്രമേ ഒരു ലൈനിൽ സമ്മതിക്കുകയുള്ളു എന്നു പറയുന്നതിന്റെ അടിസ്ഥാനം എന്താണു് എന്നാണു് എനിക്കവരോടു ചോദിക്കുവാനുള്ളതു്. ഇതവസരത്തിൽ അംഗീകാര്യമായ ഒരു സാമാന്യ തത്വം എനിക്കു പറയുവാനുണ്ടു്. ഗവൺമെണ്ടു പെർമിറ്റു കാര്യത്തിൽ അനുവർത്തിച്ചുവന്നിട്ടുള്ള നയം, എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിടത്തോളം, ഓരോ ലയിനിലും എത്ര യാത്രക്കാർ ഉണ്ടോ, അവരുടെ ആവശ്യത്തിലും സ്വല്പം കുറച്ചു ബസ്സുകൾ മാത്രമേ അനുവദിക്കുകയുള്ളു എന്നുള്ളതാണു്: അതായതു്, ഫ ൦ ൦ ൦ യാത്രക്കാർ ഉള്ള ഒരു ലയിനിൽ ൯ ൦ ൦ യാത്രക്കാരെ കൊണ്ടുപോകുവാനുള്ള ബസ്സുകൾ മാത്രമേ കൊടുക്കുകയുള്ളു. ബസ്സുകാക്കു ലോഡു ഉണ്ടാക്കാൻ വേ

LIBRARY ARCHIVES Kerala Legislative Assembly

ന്നേയാണ് ഈ നയം സ്വീകരിച്ചിട്ടുള്ളത്. ബസ്സുകാരെ സംബന്ധിച്ചിടത്തോളം ഇത് സ്വീകാര്യമാണെങ്കിലും, യാത്രക്കാരെ സംബന്ധിച്ചിടത്തോളം ഇതു വളരെ വിഷമമുണ്ടാക്കുന്ന ഒരു കാര്യമാണ്. നേരെമറിച്ചു ഒരു തത്വം ഗവണ്മെണ്ടു അംഗീകരിക്കുകയാണെങ്കിൽ അതായതു് യാത്രക്കാക്കാവശ്യമുള്ളതിലും സ്വല്പം കൂടുതൽ ബസ്സുകൾ ഉണ്ടാവുകയാണെങ്കിൽ യാത്രക്കാക്കും സുഖമായും സൌകര്യമായും യാത്രചെയ്യാൻ സാധിക്കും.

ബസ്സു ഗതാഗതഘടനയെ സംബന്ധിച്ചു എനിക്കു മറെറാരു നിർദ്ദേശം നല്കുവാനുള്ളതു്, ബസ്സുടമസ്ഥന്മാരുടെയും, ബസ്സുകളിലെ പ്രവർത്തിക്കാരുടെയും, മര്യാദരഹിതമായ പെരുമാറ്റത്തെ സംബന്ധിച്ചാണ്. ഈ വിഷയത്തിൽ എനിക്കു തന്നെ വളരെ ദൌർഭാഗ്യകരമായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ടു്. എല്ലാ ബസ്സ്സ്റ്റാൻഡുകളിലും, ഇവരുടെ പെരുമാറ്റത്തെ നിയന്ത്രിക്കുന്നതിനും മര്യാദരഹിതമായ പെരുമാറ്റത്തിൽനിന്നു് യാത്രക്കാരെ രക്ഷിക്കുന്നതിനുമായി ഓരോ പോലീസ്സു ഉദ്യോഗസ്ഥൻ ഉണ്ടെന്നാണു് വയ്പു്. പക്ഷേ, അവരുടെ മൂക്കിന്റെ ചുവട്ടിൽവച്ചുതന്നെ ഇത്തരത്തിലുള്ള സംഭവങ്ങളും ഉണ്ടായിട്ടുപോലും അവരതിൽ ഇടപെടാതെ ഒഴിഞ്ഞു നില്ക്കുകയേ ചെയ്യാറുള്ളൂ. ഏതാനും മാസം മുമ്പു് തൃശ്ശിവപേരൂർ ബസ്സു് സ്റ്റാൻറിൽവച്ചു, ഒരു വൃദ്ധനും മാന്യനുമായ ഒരു കൃസ്തീയമതാദ്ധ്യക്ഷൻ—അന്നു വളരെ തിരക്കുള്ള ദിവസമായിരുന്നു—കണ്ടക്ടരുടെ സമ്മതം കൂടാതെ ബസ്സിൽ കയറി എന്ന ഒരു ഒറ്റ കാരണത്തിന്നു് അദ്ദേഹത്തെ കണ്ടക്ടർ താഴത്തു വലിച്ചിറക്കി, അദ്ദേഹത്തിന്റെ കുപ്പായവും കടയും വലിച്ചു ചീന്തിയതായി ഒരു ആവലാതി എന്റെ അടുക്കൽ വരുകയുണ്ടായി. അദ്ദേഹം ഒരു ഹരജി അവിടേക്കെടുത്ത പോലീസ്സ് സ്റ്റേഷനിൽ കൊടുത്തിട്ടു് അതിനെ സംബന്ധിച്ചു യാതൊരു പരിഹാരവും ഇതുവരെ ഉണ്ടായില്ല. ഇതിനൊരു പരിഹാരം ഞാൻ നിർദ്ദേശിക്കട്ടെ; ഓരോ കണ്ടക്ടരും ഓരോ കംപ്ലെൻറ് ബുക്കു് സൂക്ഷിക്കണം എന്നു നിർദ്ദേശിക്കുക, ഇങ്ങിനെ അവരുടെ കയ്യിലുള്ള കംപ്ലെൻറ് ബുക്കിൽ യാത്രക്കാക്കു വല്ല ആക്ഷേപവുമുണ്ടെങ്കിൽ അതു് രേഖപ്പെടുത്തുവാൻ സൌകര്യം നൽകണം അങ്ങിനെയാണെങ്കിൽ ഈ ആവലാതികൾക്കു് കുറച്ചൊരു ശമനം വരുന്നതാണ്.

മദ്രാസ് സംസ്ഥാനത്തിലും മറെറ ചിലേടങ്ങളിലും ബസ്സു യാത്രക്കാരുടെയും, തീവണ്ടിക്കാരുടെയും, സുഖസൌകര്യങ്ങളെ നോക്കുന്നതിനും, അതിനെ സംബന്ധിച്ചു നിവേദനങ്ങൾ നടത്തുന്നതിനുമായി, പാസഞ്ചേഴ്സ് അസോസിയേഷൻ എന്ന ഒരു സംഘടനയുണ്ടു്. നമ്മുടെ നാട്ടിൽ ഇങ്ങിനെയുള്ള സംഘടന ഇല്ലാത്തതുകൊണ്ടു്, ഇവിടെ നിത്യവുമുണ്ടാകുന്ന ആക്ഷേപാർഹമായ സംഭവങ്ങൾ, ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെടാതെ പോകുന്നു. ഈ കാര്യത്തിലും ഗവണ്മെണ്ടു് കാര്യമായ ശ്രദ്ധ ചെലുത്തണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

അവസാനമായി എനിക്കു പറയുവാനുള്ളതു്, തൃശ്ശിവപേരൂരിൽ ഇന്നു നടക്കുന്ന ടിക്കറെറ സമ്പ്രദായത്തെ സംബന്ധിച്ചാണ്. അവിടത്തെ യാത്രക്കാരുടെ തിരക്കിനെ നിയന്ത്രിക്കുന്നതിനു വേണ്ടി. അവിടെ ബുക്കിങ്ങ് ആപ്പീസ്സ് ഏർപ്പെടുത്തിട്ടുണ്ടു്. ഗവണ്മെണ്ടിന്റെ ഉദ്ദേശം എന്തുതന്നെയായാലും അതുകൊണ്ടുള്ള ഗുണം കിട്ടുന്നതു യാത്രക്കാക്കല്ലാ നേരെമറിച്ചു കണ്ടക്ടർമാക്കും ബസ്സുടമസ്ഥന്മാരുടെ ചില ഏജൻറന്മാക്കുമാണ്. ഇതിനെ സംബന്ധിച്ചു ഈ നിയമസഭയിൽതന്നെ പല ആക്ഷേപങ്ങളുമുണ്ടായിട്ടുണ്ടു്. അപ്പോൾ മന്ത്രി അവർകൾ മറുപടി പറയാറുള്ളതു അവിടെ സ്ഥലം പോരാ, സ്ഥലം കൂടുതൽ ഉണ്ടായാൽ ഈ വിഷമങ്ങൾ തീരുമെന്നാണ്. ഈ മറുപടി പറഞ്ഞു കഴിഞ്ഞിട്ടു മൂന്നു, നാലു മാസമായി. ഇതുവരെയും അവിടത്തെ കഴപ്പത്തിന്നു് യാതൊരു പരിഹാരവുമുണ്ടായിട്ടില്ല. ഇങ്ങിനെ സ്ഥലക്കുറവായ ദിക്കിൽ ഇത്രയും അസൂഖകരമായ ഒരേർപ്പാടു നടത്തിക്കൊണ്ടു പോരണം എന്നുള്ള നിർബ്ബന്ധം ആക്കാണുള്ളതു"? ഇന്നത്തെ നിലയിൽ, ബസ്സു വരുമ്പോൾ അതു കൾക്കു് കയറി ഇരിക്കാനുള്ള സമ്മതം കൊടുത്താൽ അതു വൈഷമ്യമൊന്നും എനിക്കു കാണാൻ കഴിയുന്നില്ല. പണ്ടത്തെപ്പോലെയുള്ള തിരക്കു് ഇന്നു കാണുന്നില്ല. എന്നിട്ടും ആ ഏർപ്പാടു നടപ്പിൽ വരുത്തുവാൻ വൈമനസ്യം കാണിക്കുന്നതിന്റെ രഹസ്യം എന്താണു് എന്നു് എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ, ഈ നിയമസഭ പിരിയുന്നതിനു മുമ്പു് തന്നെ ഈ ഏർപ്പാടു നിർത്തലാക്കുമെങ്കിൽ, തൃശ്ശിവപേരൂരിലെ ബസ്സു് സ്റ്റാൻറു ഉപയോഗിക്കുന്ന പരശതം യാത്രക്കാക്കു ഇതു് വലിയൊരനുഗ്രഹമായിരിക്കും. എനിയ്ക്കു് ഈ കാര്യത്തെപ്പറ്റി ഇപ്പോൾ ഇത്രമാത്രമേ പറയുവാനുള്ളൂ.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: സർ, ഞാൻ ഈ ബഡ്ജറ്റുനോപക്ഷേപത്തെ അനുകൂലിക്കുന്നു. ബസ്സ് യാത്രക്കാർ അനുഭവിക്കുന്ന സങ്കടത്തെപ്പറ്റിയാണു് എനിയ്ക്കു രണ്ടു വാക്കു്

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

പറയുവാനുള്ളതു്, അതു് ഞാനും കുറെ അനുഭവിച്ചിട്ടുണ്ടു്. ഈ ബുദ്ധിമുട്ടുകൊണ്ടു് ബസ്സു് യാത്ര ഞാൻ തീരെ വേണ്ടെന്നു വച്ചിരിക്കുകയാണു്. കൊച്ചിയിലേക്കു പോകേണ്ട ആവശ്യം വന്നാൽ ബസ്സിലുള്ള തിരക്കുകൊണ്ടു ബോട്ടിൽ പോകാമെന്നുവച്ചിരിക്കുകയാണു്—ബസ്സുയാത്രയിലുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ചു പറയുന്ന ഈയവസരത്തിൽ, സ്ത്രീകളെ സംബന്ധിച്ചേടത്തോളം ഉള്ള ബുദ്ധിമുട്ടിനെപ്പറ്റി രണ്ടുവാക്കു പറയുവാനുള്ള അവസരം കിട്ടിയതുകൊണ്ടു മാത്രമാണു് ഞാൻ ഇതു പറയുന്നതു്. ഞാൻ ഈ കൌൺസലിൽ ഇല്ലാതിരുന്ന ഒരു ദിവസം, സ്ത്രീകളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധവയ്ക്കണം എന്നു, ബഹുമാനപ്പെട്ട ട്രഷ്രിവപേത്തർ ലേഡീ മെമ്പർ പറഞ്ഞതായി ഞാൻ കടലാസ്സിൽ വായിക്കുകയുണ്ടായി. ഇപ്പോഴും ഞാനും അതുതന്നെ പറയുന്നു. സ്ത്രീകൾക്കു് ബസ്സുയാത്രയ്ക്കു് വളരെ വിഷമമുണ്ടു്. ബസ്സിൽ അവരെ തിക്കി, ഞെരുക്കി വല്ലാതെ വിഷമിപ്പിക്കുന്നു. അതുകൊണ്ടു ഗവമ്മേണ്ടു ഒരു ഏർപ്പാടു ചെയ്തു ഒരു സീറെങ്കിലും അവക്കു് റിസർവ്വു് ചെയ്യാൻ ഏർപ്പാടു ചെയ്യണം. ബസ്സിലെ ഫ്രണ്ടു് സീറ്റു റിസർവ്വു് ചെയ്യാൻ സാധിച്ചില്ലെങ്കിൽ സെക്കൻറു് സീറെങ്കിലും, അവക്കു് വേണ്ടി റിസർവ്വു് ചെയ്യണം. ലൈസൻസ്സു് കൊടുക്കുമ്പോൾ, ഈ വ്യവസ്ഥയുംകൂടി അതിൽ കാണിക്കണം. ഒരു ബസ്സുള്ളവക്കു് ബസ്സോടിയ്ക്കാൻ ലൈസൻസ്സു് കൊടുക്കണം. അധികം ബസ്സുള്ളവക്കു് മാത്രമേ അതു് കൊടുക്കുകയുള്ളൂ എന്നു വയ്ക്കരുതു്. ബസ്സുകാരുടെ സൌകര്യമല്ലാ പാസഞ്ചേഴ്സിന്റെ സൌകര്യമാണു് ഗവമ്മേണ്ടു നോക്കേണ്ടതു്. പണക്കാർക്കു കൂടുതൽ ബസ്സോടിക്കുവാനുള്ള സൌകര്യമുണ്ടാകും. എന്നു വച്ചു് ഒറ്റബസ്സുള്ളവക്കു് അതു് ഓടിയ്ക്കാൻ സൌകര്യം കൊടുക്കാതിരിക്കുന്നതു് കഷ്ടമാണു്. അവക്കാണു്, അതിൽ മുൻഗണന കൊടുക്കേണ്ടതു്. എന്നുവച്ചു മറ്റവരെ നിഷേധിക്കണം എന്നല്ലാ ഞാൻ പറയുന്നതു്. ഒറ്റ ബസ്സുകാർക്കും അനുവാദം കൊടുക്കണമെന്നാണു് ഞാൻ പറയുന്നതു്.

ബോട്ടു സർവ്വീസ്സിൽ, സ്റ്റുഡൻസിനു് ചാർജ്ജു് കൊടുക്കേണ്ടതില്ല. മട്ടാഞ്ചേരി ബോട്ടു സർവ്വീസിലും, മറ്റെല്ലാ ഫെറികളിലും സ്റ്റുഡൻസിനു് ചാർജ്ജു് കൊടുക്കേണ്ട. എന്നാൽ ബസ്സിൽ അങ്ങിനെയല്ല ബസ്സിൽ അവക്കു് ചാർജ്ജു് കൊടുക്കണം; അതുവളരെ ക്രൂരതയുമാണു്. അതിൽ നിന്നു് അവരെ ഒഴിവാക്കണം. അതിനുള്ള നിർദ്ദേശവുംകൂടി ഗവമ്മെണ്ടു കൊടുക്കണം.

ബസ്സു യാത്രയ്ക്കു് ടിക്കറ്റു മേടിക്കുവാനുള്ള വൈഷമ്യങ്ങളെപ്പറ്റി ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെകാവു് മെമ്പർ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു് അതിനെപ്പറ്റി വിസ്തരിക്കണമെന്നു എനിക്കുദ്ദേശമില്ല. എന്നാൽ ഒരു കാര്യം എനിക്കു പറയുവാനുള്ളതു്, ബസ്സിലെ തിരക്കു് നിയന്ത്രിക്കണമെന്നാണു്. എന്നാണു് മട്ടാഞ്ചേരി ലയിനിലുള്ള ബസ്സുകൾ തകർന്നു വീഴാൻ പോകുന്നതു് എന്നു് അറിയില്ല. അത്ര വലിയ വീർപ്പുമുട്ടിയിട്ടാണു് പോകുന്നതു്. ഇങ്ങിനെയുള്ള ഓവർലോഡു് മൂലം എന്നാണു് ആക്സിഡൻറു് ഉണ്ടാകുക എന്നറിഞ്ഞില്ല. അതുവരാതെ ഇരിക്കാൻ ഉള്ള ഏർപ്പാടു ഗവമ്മെണ്ടിൽനിന്നു ചെയ്യണമെന്നു പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ടാൻസ്പോർട്ടു് അതോറിട്ടിയിലെ ഒരു അനുദ്യോഗസ്ഥനെമ്പറാണു്. ഈവക കാര്യങ്ങളെ സംബന്ധിച്ചു ഞങ്ങളും ആലോചിക്കുകയുണ്ടായി. ശ്രീമാൻ രാജാ പറഞ്ഞു, കരിബസ്സുകാർക്കു് മുൻഗണന കൊടുക്കുന്നില്ലാ, പെട്രോൾ ബസ്സുകാരും കരിബസ്സുകാരും ഒരുമിച്ചുപേക്ഷിച്ചാൽ, കരിബസ്സുകാരുടെ അപേക്ഷയെ നിരസിക്കുകയാണു് പതിവു എന്നു്. എന്നാൽ ഞാൻ മെമ്പറായതിനുശേഷം, കുടിയ ആദ്യത്തെ ടാൻസ്പോർട്ടു് അതോറിട്ടി മീറ്റിംഗിൽ പാസാക്കിയതു്, ഇതിനു നേരേമറിച്ചുള്ള അഭിപ്രായമാണു്. ഇവിടത്തെ പെട്രോൾ സ്റ്റോക്കിന്റെ വിവരം മനസ്സിലാക്കിയതിന്റെ ശേഷം, ആദ്യത്തെ മീറ്റിംഗിൽ രണ്ടു പ്രധാന കാര്യങ്ങളാണു് ഞങ്ങൾ തീരുമാനിച്ചതു്. ഒന്നാമത്തേതു ഒരു ലയിനിൽ ഒരാൾ ഒരുബസ്സേ ഓടിക്കുന്നുള്ളു എങ്കിൽ ഉടനേ ആ ലയിനിൽ, രണ്ടോ, മൂന്നോ പുതിയപേക്കു് ബസ്സുകൾ ഓടിക്കാനുള്ള അനുവാദം കൊടുക്കണമെന്നുള്ളതാണു്. രണ്ടാമത്തേതു പെട്രോൾബസ്സു് ഓടിക്കാൻ അപേക്ഷകന്മാരായി വരുന്നവക്കു് കരിബസ്സുണ്ടെങ്കിൽ, പെട്രോൾബസ്സിനു് സാങ്ഷൻ കൊടുക്കാൻ പാടില്ല, കരിബസ്സിനേ സാങ്ഷൻ കൊടുക്കാൻ പാടുള്ളു എന്നുള്ളതാണു്. എന്നാൽ ഒരു ലയിനിൽ, രണ്ടോ, മൂന്നോ കരിബസ്സുകാരുടെ അപേക്ഷയുണ്ടായേക്കാം. അതിൽ ഒരാൾക്കു മാത്രമേ കൊടുക്കയുള്ളു. മറ്റുള്ളവരോടു് വേറെ ഏതെങ്കിലും ലയിനിൽ അപേക്ഷിക്കാൻ പറയും. ഒരു

LIBRARY ARCHIVES Kerala Legislative Assembly

ലയിനിലേക്ക് ഉള്ള കരിബസ്സുകാരുടെ അപേക്ഷകൾ മുഴുവൻ അനുവദിച്ചുകൊടുക്കാൻ സാധിച്ചു എന്നു വരുകയില്ല. ലയിനിന്റെ സ്ഥിതിയും, അപേക്ഷകന്മാരുടെ നിലയും മറ്റും നോക്കി യുക്തമെന്നു തോന്നുന്ന ഏതെങ്കിലും ഒരാൾക്കു അനുവദിച്ചുകൊടുക്കും. ഇതാണു് കരിബസ്സുകാരെസംബന്ധിച്ചിടത്തോളം അനുവർത്തിക്കുന്ന നയം.

ഏതെല്ലാം സമയങ്ങളിലാണു് യാത്രക്കാരുടെ തിരക്കു് കൂടുതൽ എന്നു ഞങ്ങൾ അന്വേഷിച്ചുവരാറുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: യാത്രക്കാരുടെ സ്റ്റാറ്റിസ്റ്റിക്സ് എടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. ടി. അച്യുതൻ: ഉവ്വു്. എന്നുവെച്ചു് തിരക്കുള്ള ഒരു ലയിനിൽ ൧൦ ബസ്സിടാൻ അപേക്ഷിച്ചാൽ ആദ്യം രണ്ടു ബസ്സേ ഞങ്ങൾ അനുവദിക്കുകയുള്ളു. പിറേറ മാസത്തിൽ ൨ ബസ്സു് അനുവദിക്കും. ഇങ്ങിനെ ഓരോ മാസത്തിലും, ഓരോ ലയിനിലേയും തിരക്കു മനസ്സിലാക്കി, കൂടുതൽ ബസ്സുകൾ അനുവദിച്ചു് യാത്രക്കാക്കു് സൌകര്യം ഉണ്ടാക്കികൊടുക്കുന്നുണ്ടു്. എന്നാൽ ഒരു ലയിനിലേക്കു വരുന്ന ൧൦ അപേക്ഷകളും ഞങ്ങൾ ഒരുമിച്ചു് അനുവദിച്ചു കൊടുക്കുകയില്ല. അങ്ങിനെ ചെയ്താൽ മന്നോ, രണ്ടോ മാസം കഴിഞ്ഞാൽ ൧൦ പേരും പൊളിഞ്ഞുപോകും. ഇതിനുമുമ്പു് പൊളിഞ്ഞു പാപ്പരായ പല ബസ്സുകാരും ഞങ്ങളോടു് പറഞ്ഞിട്ടുണ്ടു്, യുദ്ധകാലംകൊണ്ടാണു് ഞങ്ങൾക്കു് ഗുണം കിട്ടിയതു് എന്നു്. ശ്രീമാൻ രാജാ അവർകൾ പറയുകയുണ്ടായി നു ൦-൦ ൪൦-൦ ബസ്സുള്ളവക്കു മാത്രമേ പിന്നേയും ബസ്സോടിക്കുവാൻ അനുവാദം കൊടുക്കുന്നുള്ളു എന്നു്. നു ൦-൦, ൪൦-൦ ബസ്സു് ലയിൻ ഓടിക്കുന്നവർ നു പേരാണു് ഇവിടെയുള്ളതു്. അവരോടു് ഞങ്ങൾ പ്രത്യേകം പറഞ്ഞിട്ടുണ്ടു്, നിങ്ങൾ ഇനി സപ്ലേപി വിചാരിക്കേണ്ടാ, നിങ്ങൾക്കു് ഇനി പുതിയ ബസ്സിനു പെർമിറ്റു് കിട്ടുമെന്നു്; നിങ്ങളുടെ പഴയ ബസ്സിനു പകരം പുതിയ ബസ്സോടിക്കാനുള്ള അനുവാദം തരുമെന്നുള്ളതല്ലാതെ, പുതിയ ലയിനുകളോ, പുതിയ ബസ്സോ, നിങ്ങൾക്കു് അനുവദിച്ചുതരുകയില്ലായെന്നു്. എന്നാൽ ജനങ്ങളുടെ സൌകര്യത്തിനുവേണ്ടി അത്യാവശ്യമുള്ള സന്ദർഭങ്ങളിൽ അവരോടു പറയുകയുണ്ടായിട്ടുണ്ടു്, നിങ്ങൾ ഒരു മാസമോ, ൧൫ ദിവസമോ ഏതെങ്കിലും ഒരു ലയിനിൽ പോയി ഓടിക്കണമെന്നു്. അങ്ങിനെ പറഞ്ഞിട്ടുണ്ടാകാമെന്നല്ലാതെ, കരിബസ്സുകാരുടെ അപേക്ഷ നിരസിച്ചു് ഇവർക്കു് അനുവാദം കൊടുത്തിട്ടുണ്ടാകയില്ല. ഏതു ബസ്സുകളായാലും ടെസ്റ്റു ചെയ്തതിനു ശേഷം വേണം പർമിറ്റു് കൊടുക്കുവാൻ. കരിബസ്സുകൾ വളരെ പഴയ ബസ്സുകളാണു്. ബസ്സുകൾ നല്ല കണ്ടീഷനിലായിരിക്കണമെന്നുള്ള കായ്ത്തിൽ പോലീസ്സു് കമ്മീഷണർ അവർകൾ വളരെ നിർബ്ബന്ധക്കാരനാണു്. അതുകൊണ്ടു്, ടെസ്റ്റുചെയ്തു തൃപ്തികരമായ ബസ്സുകൾക്കു് മാത്രമേ പെർമിറ്റു് കൊടുക്കുകയുള്ളു. ട്രാഫിക്കു് അതോറിട്ടി യോഗത്തിൽ ബ്രേക്കു് ഇൻസ്പെക്ടരും ഉണ്ടാകും. അദ്ദേഹത്തിന്റെ അഭിപ്രായംകൂടി അറിഞ്ഞതിനുശേഷമേ ഞങ്ങൾ പെർമിറ്റു് കൊടുക്കാറുള്ളു. പിന്നെ വേറൊരു കായ്ംകൂടി ഇവിടെ നടക്കുന്നുണ്ടു്. ഏതെങ്കിലും ഒരു ബസ്സിനു പെർമിറ്റു് അപേക്ഷിക്കും. അതിനു് പെർമിറ്റു് കൊടുത്തു് രണ്ടു മൂന്നുമാസം കഴിഞ്ഞശേഷം, ആ ബസ്സു് കൂടുതൽ ബസ്സുള്ളവക്കു് വില്ക്കും. അപ്പോൾ ആ ബസ്സിന്റെ പെർമിറ്റുംകൂടി കൂടുതൽ ബസ്സുള്ളവരിൽ ലയിക്കും. അങ്ങിനെ പെർമിറ്റു വാങ്ങി, കരിഞ്ചന്ത നടത്തുന്ന ഏർപ്പാടു് ഉണ്ടായിട്ടുണ്ടു്. ഇതു് ഞങ്ങൾ സമ്മതിക്കുകയില്ല. ഇങ്ങിനെ ഒരു സംഭവം കഴിഞ്ഞശേഷം, വളരെ നിഷ്കൃഷ്ടയോടുകൂടിയ അന്വേഷണത്തിനു ശേഷമേ ഞങ്ങൾ പെർമിറ്റു കൊടുക്കാറുള്ളു. പെർമിറ്റിനു അപേക്ഷിക്കുന്ന ആളുകൾ, ആ കച്ചവടം ചെയ്യാനാണോ, അതോ, ബസ്സു് ശരിക്കു് ഓടിക്കാൻതന്നേയാണോ എന്നു് ഞങ്ങൾ ശരിക്കു് അന്വേഷിച്ചതിനു ശേഷമേ പർമിറ്റു കൊടുക്കുകയുള്ളു.

ഇരിഞ്ഞാലക്കുടെ ബസ്സ്സ്റ്റാണ്ടിലെ തിരക്കിനെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അവിടെ ചില സന്ദർഭങ്ങളിൽ വളരെ തിരക്കുണ്ടു്. പോലീസ്സു് കമ്മീഷണർ അവർകൾക്കുതന്നെ ബോദ്ധ്യം വന്നിട്ടുള്ള ഒരു കായ്ത്തമാണിതു്. എന്നാൽ ബുക്കിങ്ങ് ആപ്പീസു് അവിടെ ഇല്ലാതിരുന്നാൽ, ബസ്സു്സ്റ്റാണ്ടിൽ വരുന്നതിനുമുമ്പു്, ഇറങ്ങുന്നതിനും, കേറുന്നതിനുമുള്ള തിരക്കു് അധികമാകും. ആളുകൾ ഇറങ്ങുന്നതിനുമുമ്പു് സ്റ്റാണ്ടിലുള്ളവർ അതിൽ കേറിപ്പറ്റാൻ തിരക്കു് കൂട്ടും. അപ്പോൾ അവിടെ വലിയ ബഹളമാവും. അങ്ങിനെ വരുമ്പോൾ ഓരോ ബസ്സിന്റെ അടുക്കലും ഓരോ പോലീസ്സുകാരൻ വേണ്ടിവരും. ബുക്കിങ്ങ് ആപ്പീസിന്റെ അടുക്കലുള്ള തിരക്കു് നിയന്ത്രിക്കാൻ രണ്ടോ,

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. T. Achuthan]

മൂന്നോ പോലീസ്സുകാർ മതിയാകും. ബസ്സുകളിലെ ഇങ്ങിനെയുള്ള തിരക്ക് പോലീസ്സുകാർ ശ്രദ്ധിച്ചു എന്നു വരുകയില്ല. അതുകൊണ്ട് സ്ത്രീകൾക്കും, കുട്ടികൾക്കും, ഒരിക്കലും ബസ്സിൽകയറാൻ സാധിച്ചു എന്നു വരുകയില്ല. ഈ ആളും ഇരിക്കുന്ന ഒരു സീറ്റിൽ ചിലപ്പോൾ ഫ ഠ ആളും കയറിപ്പറ്റിയിട്ടുണ്ടാകും. കണിക്കിലുള്ള ആളും കഴിച്ചു മറ്റുള്ളവരോട് ഇറങ്ങാൻ പറഞ്ഞാൽ ഒരുത്തനും ഇറങ്ങുകയില്ല. ഒടുവിൽ പോലീസ്സുകാർ ചെന്നിറക്കേണ്ടിവരും. ഇതു് യാത്രക്കാർക്ക് അസൌകര്യമായിതീരും. അതുകൊണ്ട് ബുക്കിങ്ങ് സിസ്റ്റം, എടുത്തുകളഞ്ഞാൽ അതു് വളരെ ബുദ്ധിമുട്ടാണ്. പിന്നെ സ്ത്രീകൾക്കു പ്രത്യേക സൌകര്യം കൊടുക്കേണ്ട കാര്യത്തെപ്പറ്റി ഞങ്ങൾ ആലോചിച്ചു; സീറ്റ് റിസർവ്വ് ചെയ്യേണ്ട കാര്യത്തെപ്പറ്റി ഞങ്ങൾക്കു പറയാനുള്ളതു് ബസ്സിൽ സാമാന്യമായ ഫ്രണ്ട് സീറ്റ് സ്ത്രീകൾക്കു കൊടുക്കുന്നുണ്ട്; സെക്കൻറ് സീറ്റും കഴിയുന്നിടത്തോളം അവർക്കുതന്നെ കൊടുക്കുന്നുണ്ടെന്നാണു്. സെക്കൻറ് സീറ്റിൽ പുരുഷന്മാർ കയറിയതിനുശേഷമാണ് സ്ത്രീകൾ വന്നതു എങ്കിൽ കണ്ടക്ടർ കഴിയുന്നിടത്തോളം അവരെ ഉപദേശിച്ചു മാറ്റിയിരുത്തി ആ സീറ്റ് സ്ത്രീകൾക്കു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. പക്ഷെ, അവരെ നിർബ്ബന്ധിയ്ക്കാൻ നിവർത്തിയില്ല. കണ്ടക്ടർമാരോടു മാത്രമല്ലാ, പൊതുവെ എല്ലാ ബസ്സുടമസ്ഥന്മാരോടും ഇതു് പറഞ്ഞിട്ടുണ്ട്. ഇതിൽ കണ്ടക്ടർ ഉപേക്ഷ കാണിച്ചാൽ അവരെ ശിക്ഷിക്കണമെന്നു ഞങ്ങൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ബസ്സുടമസ്ഥന്മാർതന്നെ അവരെ ശിക്ഷിച്ചുകൊള്ളാമെന്നു പറഞ്ഞിട്ടുണ്ട്. ഒരു കണ്ടക്ടറുടെ ലൈസൻസ്സു്, ഈ കാര്യത്തിനു് രണ്ടോ, മൂന്നോ, മാസത്തേയ്ക്കു കമ്മീഷണർ സസ്പെൻറ ചെയ്യുകകൂടി ചെയ്തിട്ടുണ്ട്. ഇങ്ങിനെ വളരെ കർശനമായ നടപടികളും ഈ കാര്യത്തിൽ ഞങ്ങൾ എടുത്തിട്ടുണ്ട്. ഇപ്പോൾ രണ്ടുമൂന്നു മാസമായി സാമാന്യമായി എല്ലാ ലയിനുകളിലും ഞങ്ങൾതന്നെ പോയി ഓരോ ദിക്കുകളിലെ തിരക്കുകളെപ്പറ്റി അന്വേഷിക്കാറുണ്ട്. കഴിഞ്ഞ ദിവസം ഞങ്ങൾ തൃപ്പുണിത്തുറയിൽ പോയിരുന്നു. അവിടെ വളരെ തിരക്കുണ്ടെന്നു ആക്ഷേപമുണ്ട്. കാലത്തു മുതൽ ഫ ഫ മണിവരെ ഞങ്ങൾ അവിടെ താമസിച്ചു അവിടത്തെ തിരക്കു കണ്ടു് മനസ്സിലാക്കി. അതുപോലെ മട്ടാഞ്ചേരി ഇടക്കൊച്ചി ലയിനിലും ഞങ്ങൾ പോയി നോക്കി. കൂടുതൽ ബസ്സുകൾ ഇട്ടുകൊണ്ടുമാത്രം ഈ തിരിക്കിനെ കുറക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഇപ്പോൾതന്നെ ഒരു ബസ്സ് പുറപ്പെടുമ്പോഴേക്കും മറ്റൊരു ബസ്സു വന്നുകഴിഞ്ഞു. അങ്ങിനെയാണു് ഇപ്പോഴത്തെ നില. അതുകൊണ്ടു് പുതിയ ലയിൻ അനുവദിക്കുകയെന്നുള്ളതല്ലാതെ ഒരു ലയിനിൽ കൂടുതൽ ബസ്സുകൾ ഇടേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതുകൊണ്ടു് കോമ്പിറേഷൻ വേണ്ടായെന്നല്ലാ ഞങ്ങൾ പറയുന്നതു്. യാത്രക്കാർക്ക് എല്ലാ സൌകര്യങ്ങളും ചെയ്തു കൊടുക്കാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഇതിൽ ഞങ്ങളേക്കാൾ കൂടുതൽ ഉത്സാഹമുണ്ട് പോലീസ്സു് കമ്മീഷണർ അവർകൾക്ക്. ഈ വക കാര്യങ്ങളിൽ ഞങ്ങളെക്കാൾ കൂടുതൽ കർശനമായി പ്രവർത്തിയ്ക്കാൻ ഉത്സാഹമുണ്ട്. ഇവിടെത്തന്നെ ബസ്റ്റാണ്ടിൽ ഞങ്ങൾ പോയി നോക്കി. അവിടെ ഒരു വെയിറ്റിങ്ങ് റൂം ഇല്ല. രണ്ടാഴ്ചയ്ക്കുള്ളിൽ അവിടെ ഒരു വെയിറ്റിങ്ങ് റൂം ഉണ്ടാക്കിയില്ലെങ്കിൽ ആ ലയനിലെ ബസ്സുടമസ്ഥന്മാരുടെ ബസ്സിൻെറ ലൈസൻസ്സു് ക്യാൻസൽ ചെയ്യുമെന്നു് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. കരിബസ്സുകാർക്കു് ഞങ്ങൾ മുൻഗണന കൊടുക്കുന്നതായിരിക്കും. എന്നാൽ, കരിബസ്സുകാരുടെ അപേക്ഷകൾ ഒരു മാസത്തേയ്ക്കു നിർത്തിവയ്ക്കാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ഇവിടത്തെ പെട്രോളിൻെറ നില അടുത്തുതന്നെ ഭേദപ്പെട്ടേക്കാം എന്നു പോലീസ്സ് കമ്മീഷണർ ഞങ്ങളെ അറിയിച്ചിട്ടുണ്ട്. അങ്ങിനെയാണെങ്കിൽ എല്ലാവർക്കും പെട്രോൾ ബസ്സുതന്നെ അനുവദിച്ചു കൊടുക്കാൻ സാധിച്ചേക്കാം. അതുകൊണ്ടാണു് കരിബസ്സുകാരുടെ അപേക്ഷയുടെ കാര്യം ഒരു മാസത്തേക്കു നിർത്തിവച്ചിരിക്കുന്നതു്. ബസ്സിലെ കണ്ടക്ടർമാരുടെ മര്യാദരഹിതമായ പെരുമാറ്റത്തെപ്പറ്റി ഇവിടെ പറയുകയുണ്ടായി. ഈ കാര്യത്തെ സംബന്ധിച്ചു ഞങ്ങൾ കർശനമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. ബസ്സുടമസ്ഥന്മാരെ ഇതു് ഞങ്ങൾ പ്രത്യേകം അറിയിച്ചിട്ടുണ്ട്; ഏതെങ്കിലും ഒരു യാത്രക്കാരനെ എടോ എന്ന പദം ഉപയോഗിച്ചു സംബോധന ചെയ്തു എന്നു കേട്ടാൽ ഉടനെ ആ കണ്ടക്ടറെ ശിക്ഷിക്കണം, അതിനുശേഷം അന്വേഷണം നടത്തിയാൽ മതി എന്നുപോലും ഞങ്ങൾ പറഞ്ഞിട്ടുണ്ട്. നിങ്ങളുടെ കണ്ടക്ടർമാർ എന്തെങ്കിലും ഒരപശബ്ദം യാത്രക്കാരുടെനേരെ പ്രയോഗിച്ചു എന്നു കേട്ടാൽ ഉടനെ ഡ്രൈവർക്കും കണ്ടക്ടർക്കും മാത്രമല്ലാ, ബസ്സുടമസ്ഥനുതന്നെ ദോഷം വരത്തക്ക നടപടിയെടുക്കുമെന്നു് ഞങ്ങൾ അവരെ അറിയിച്ചിട്ടുണ്ട്. ഉടമസ്ഥന്മാർതന്നെ ഈ കാര്യത്തിൽ ശ്രദ്ധിച്ചു പ്രവർത്തിച്ചിട്ടുണ്ടെന്നും ഞങ്ങൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

ചില പ്രത്യേകാവസരങ്ങളിൽ ചില ലയിനിൽ കൂടുതൽ ചാർജ്ജു് വാങ്ങിട്ടുള്ളതായി ആക്ഷേപമുണ്ടു്. ഇങ്ങിനെയുള്ള ആക്ഷേപം വന്നപ്പോൾ നാലമ്പുബസ്സുകാരുടെ ജി. പർമിറ്റ്തന്നെ സസ്പെൻറ ചെയ്തിട്ടുണ്ടു്. ഇങ്ങിനെ എല്ലാക്കാര്യങ്ങളിലും ഞങ്ങൾ ശ്രദ്ധിച്ചു വരുന്നുണ്ടു്. ട്രാഫിക്കുദ്യോഗസ്ഥന്മാർക്കുപുറമേ, ഞങ്ങൾതന്നെ ബസ്സുകൾ ചെക്കുചെയ്തു് അവക്കു വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ടു്. റേറ കുറക്കണമെന്നു തോന്നിയപ്പോൾ, ഞങ്ങൾ അതിനെപ്പറ്റി ആലോചിച്ചു, മിനിമം ചാർജ്ജു് ർ൹. യാക്കിയിരുന്നതു് ന൹. യാക്കിട്ടുണ്ടു്. ആരെങ്കിലും ഈ നയം തെറ്റിക്കാവണ്ടോ എന്നു് ഞങ്ങൾ അന്വേഷിക്കാവണ്ടു്. ഒരു ലയിനിൽ പത്തും നാല്പതും ബസ്സുള്ള ആളുകളുടെ സർവ്വീസ്സുണ്ടു്, ഒറ്റ ബസ്സുകാരുടെ സർവ്വീസ്സുണ്ടു് എന്നുവച്ചാൽ ഒരു കായ്ത്തിലും പത്തും നാല്പതും ബസ്സുള്ള ആളുകളോടു് യാതൊരനുകൂല മനസ്ഥിതിയും കാണിക്കാറില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുതന്നെയാണോ, ഗവമ്മെണ്ടിൻെറ മറുപടി?

മിസ്റ്റർ കെ. ടി. അച്യുതൻ: ശ്രീമാൻ രാജു, അവർകളും, ബസ്സു് സർവ്വീസിനെപറ്റി ചില കായ്ങ്ങളും ഇവിടെ പറഞ്ഞതിനു ട്രാൻസ്പോർട്ടു് അതോറിട്ടിയിലെ ഒരു മെമ്പർ എന്ന നിലയിൽ, ഈ കായ്ങ്ങൾക്കു ഒരു ചുമതലക്കാരൻകൂടിയാണു് എന്ന നിലയിൽ ചില കായ്ങ്ങളും ഇവിടെ വിശദമാക്കേണ്ടതുണ്ടു്. അതുകൊണ്ടാണു് ഞാൻ ഇത്രയും പറഞ്ഞതു്. ഇതിനെപ്പറ്റി വേണ്ട നിർദ്ദേശങ്ങൾ ഈ സഭ തരുകയാണെങ്കിൽ, അതു നടപ്പിൽ വരുത്തുവാൻ വളരെ കായ്മായി ഞങ്ങൾ പ്രവർത്തിക്കാം. ട്രാൻസ്പോർട്ടു് അതോറിട്ടിയുടെ മീറ്റിങ്ങിൽവച്ചു ഈവകകായ്ങ്ങളെ സംബന്ധിച്ചു് ന്യായമായ തീരുമാനമെടുക്കാനുള്ള അനുവാദം ഞങ്ങൾക്കു തന്നില്ലെങ്കിൽ ഞങ്ങൾ ഇതിൽനിന്നു് ഒഴിയുന്നതാണെന്നു് മന്ത്രിയെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു് ഞങ്ങൾക്കു യുക്തമാണെന്നു തോന്നുന്ന കായ്ങ്ങൾ തീരുമാനിക്കാനുള്ള അനുവാദം തന്നിട്ടുണ്ടു്. ഒരാൾക്കു് പത്തോ, ർ ൦-തോ ബസ്സുണ്ടെന്നു വിചാരിച്ചു് അയാളെ ഉപദ്രവിക്കാൻ ഞങ്ങൾ തീർച്ചയാക്കീട്ടില്ല. ഒറ്റ ബസ്സുള്ള ആളുകളേയും ദ്രോഹിക്കാൻ ഞങ്ങൾ തീർച്ചയാക്കീട്ടില്ല. പൊതുജനങ്ങളുടെ സൌകര്യമനുസരിച്ചു, ട്രാഫിക്കു് നടത്തിക്കൊണ്ടു പോകാനുള്ള സകല ശ്രമങ്ങളും ചെയ്യണമെന്നു മാത്രമേ ഞങ്ങൾക്കു വിചാരമുള്ളൂ. ട്രാഫിക്കിൻെറ കായ്ത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ പണ്ടത്തേക്കാൾ വളരെ ഭേദപ്പെട്ടിട്ടുണ്ടെന്നാണു് എൻെറ അനുഭവം. തൃപ്പൂണിത്തുറ ലയിനിൽ വൈകുന്നേരം ൫ മണിമുതൽ ൬ മണിവരെ ൫ ൦ മിനിറ്റു് ഇടവിട്ടു ബസ്സോടിക്കുന്നുണ്ടു്. സ്റ്റേഷനിൽ കയറാവുന്ന വലിയ ബസ്സാണു് അവിടെ ഈ സമയങ്ങളിൽ ഓടിക്കുന്നതു്. പക്ഷേ, ഈ സമയം കഴിഞ്ഞാൽ രണ്ടും, മൂന്നും യാത്രക്കാരായിരിക്കും പിന്നെ ഉണ്ടാകുക. അതുപോലെ നാലു മണി മുതൽ ഇവിടെ നിന്നു് അങ്ങോട്ടും വലിയ തിരക്കാണു്. ഇതെല്ലാം ഞങ്ങൾ മനസ്സിലാക്കി, സ്റ്റേ-പേക്കു കയറാവുന്ന ചില ബസ്സുകളുടെ സർവ്വീസ് നോട്ടുചെയ്തു തിരക്കുള്ള സമയങ്ങളിൽ ആ ബസ്സുകൾതന്നെ ഓടിക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ അങ്ങിനെ ഓടിക്കുന്നുണ്ടെന്നാണു് അറിയുന്നതു്. ട്രാഫിക്കിൻെറ കാര്യക്ഷമമായ നടത്തിപ്പിനു് ഈ നിയമസഭ ഏതെങ്കിലും നിർദ്ദേശം ഞങ്ങൾക്കു തരുകയാണെങ്കിൽ അതനുസരിച്ചു പ്രവർത്തിയ്ക്കാൻ ഞങ്ങൾ തയ്യാറാണെന്നു് ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

The House rose for the day at 5 p. m.

P. NARAYANA SWAMY

Secretary to the Council

APPENDIX I

(Please see answer to Question No. 260)

PROCEEDINGS OF THE GOVERNMENT OF HIS HIGHNESS THE MAHARAJA OF COCHIN

FOOD DEPARTMENT

Mr. M. J. Issac—Ex-Jaggery Purchase Officer at Kodumudi—Allegations against—Enquiry into

Read (1) letters M. 1-26218/21, dated 12th November 1946 and 27th November 1946 From the Director of Food Supplies, and

LIBRARY ARCHIVES Kerala Legislative Assembly